**No. CEE/5500/2017/KEAM-2018/TA1**

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

# 2018– ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം

## ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ പുതുക്കിയ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

23.06.2018 ലെ സ.ഉ. നം. (സാധാ) 2016/2018/ആ.കു.വ, 25.06.2018 ലെ സ.ഉ. നം. (സാധാ) 2031/2018/ ആ.കു.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ നിശ്ചിത എണ്ണം എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകൾ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി രേഖകൾ സമർപ്പിച്ചിട്ടുള്ള ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ താത്കാലിക കാറ്റഗറി ലിസ്റ്റ് **30.06.2018**-ന് പ്രസിദ്ധീകരിച്ചിരുന്നു. ലിസ്റ്റ് സംബന്ധിച്ച് പരാതികൾ ഉന്നയിക്കുന്നതിനും സമർപ്പിച്ച രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിനും **03.07.2018 ഉച്ചയ്ക്ക് 1 മണി** വരെ സമയം അനുവദിച്ചിരുന്നു. നിശ്ചിത സമയത്തിനകം അപാകതകൾ പരിഹരിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകൾ അപ്‌ലോഡ് ചെയ്തിട്ടുള്ള അപേക്ഷകരുടെ പുതുക്കിയ കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെയും, മൈനോറിറ്റി മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രവേശനം നൽകുന്നതാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം
03.07.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**